പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 217 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി. സി.ലാഭകരമാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.പി.കെ.ബഷീർ

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു; വിശദാംശം നൽകുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്രപുനസംഘടന ലക്ഷ്യമാക്കി, കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ.സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് നം. G.O.(Rt) 367/2016/Trans. തീയതി 24/09/2016 പ്രകാരം, വിശദ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിലെ ശുപാർശകൾ സംബന്ധിച്ച് 01/04/2017 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കോർപ്പറേഷനിലെ അംഗീകൃത - രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുമായി യോഗം ചേരുകയും, റിപ്പോർട്ടിലെ ശുപാർശകൾ കെ.എസ്. ആർ.ടി.സിയുടെ പുനരുദ്ധാരണത്തിനായി ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. കടുത്ത സാമ്പത്തിക |

| | | | |
|---|---|---|---|
| | | | പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സിയുടെ വരുമാന വർദ്ധനവിനും, കാര്യക്ഷമമായ പ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ സമഗ്ര പുനരുദ്ധാരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുകയും ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും, എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുന:ക്രമീകരിക്കുകയും ചെയ്തു. വർക്ക്ഷോപ്പുകളുടെ പ്രവർത്തനം, ടയർ റിട്രെഡിംഗ്, എൻജിൻ റീകണ്ടീഷനിംഗ്, വാഹന ഉപയോഗ നിരക്ക് എന്നീ കാര്യങ്ങളിൽ ദേശീയ ശരാശരിയ്ക്ക് ഒപ്പമെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇന്ധന ഉപയോഗക്ഷമത (KMPL) ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനും കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവ് നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. അശാസ്ത്രീയമായ ഡ്യൂട്ടിപാറ്റേൺ നിലനിന്നിരുന്നത് കാരണം വളരെയധികം ക്രൂ ഷോർട്ടേജ് അനുഭവപ്പെട്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ ഡ്യൂട്ടി പാറ്റേൺ ഏകീകരിച്ചത് വഴി ശമ്പളത്തിന് ആനുപാതികമായി സേവനം ലഭ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയിരിക്കുന്നത്. പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിന് ശേഷം ശരാശരി 78% ആയിരുന്ന Fleet utilization ഇപ്പോൾ 87 % ആയി ഉയർന്നിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷറേറ്റും, പോലീസും, കെ.എസ്.ആർ.ടി. |

| | | | |
|---|---|---|---|
| | | | സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ. എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധി ച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സു കളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറ ക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപാസ് റോഡുകൾ ഉപയോഗപ്പെ ടുത്തിയും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ സർവ്വീസുകൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖല കളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടികളിലൂടെ കെ. എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിന് സാധിച്ചി ട്ടുണ്ടോ ; വ്യക്തമാക്കുമോ; ഈ | (ബി) | ലാഭകരമാക്കാനുള്ള നടപടികൾ പുരോ ഗമിച്ചുവരുന്നു. പ്രതിമാസ വരുമാനം 170 കോടി രൂപ ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്. ആർ.ടി.സി. - യ്ക്ക് ലഭിക്കുന്ന പ്രതിമാസവരുമാനം വ്യക്തമാക്കുമോ; | | |
| (സി) | വരുമാനവും, ചെലവുകളും തമ്മിൽ ഒത്തു പോകുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ; | (സി) | ഇല്ല. ഭീമമായ വായ്പാ തിരിച്ചടവാണ് പ്രധാന കാരണം. |
| (ഡി) | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തതിന്റെ പേരിൽ ഓരോ മാസവും പലിശയിനത്തിൽ എത്ര തുകയാണ് ചെലവഴിക്കുന്നത്; ആയത് വരുമാനത്തിന്റെ എത്ര ശതമാനമാണ്; വിശദമാക്കുമോ ; | (ഡി) | 29 കോടി 72 ലക്ഷം രൂപയാണ് പ്രതിമാസം പലിശ നൽകുന്നത്. ഇത് പ്രതിമാസ വരുമാനത്തിന്റെ 16.5 ശതമാനമാണ്. |
| (ഇ) | നാളിതുവരെയായി സർക്കാരിൽ നിന്നും എത്ര രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് നൽകിയിട്ടുണ്ട്; | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 685 കോടി രൂപ സർക്കാർ വായ്പയായും, 40.61 കോടി രൂപ പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | കെ. എസ്. ആർ. ടി. സി പെൻഷൻകാർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് ; എന്ത് കാരണത്താലാണ് പെൻഷൻ കുടിശ്ശികയായത്; വ്യക്തമാക്കുമോ; | (എഫ്) | 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ ഭാഗികമായും, 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിൽ പൂർണ്ണമായും കുടിശ്ശികയുണ്ട്. വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് പെൻഷൻ മുടങ്ങിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ജി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മാസത്തെ കടിശ്ശിക പെൻഷൻ ഇനത്തിൽ നൽകാനുണ്ടായിരുന്നു; വിശദമാക്കമോ ? | (ജി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൂൺ 2011 മുതൽ ജനുവരി 2013 വരെയും മെയ് 2013 മുതൽ നവംബർ 2013 വരെയും ജൂൺ 2015 മുതൽ മെയ് 2016 വരെയും പെൻഷൻ പൂർണ്ണമായും കൃത്യമായും നൽകിയിരുന്നു. ബാക്കിയുള്ള മാസങ്ങളിലെ പെൻഷൻ പിന്നീട് വിതരണം ചെയ്തു. ഇതു സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോൾ കെ.എസ്.ആർ.ടി.സി. യിൽ പെൻഷൻ കടിശ്ശിക ഇല്ലായിരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

-1-

## Pension Payment Details from April.2011 to May.2016

| Month Of Account | Amount | Payment Date |
|---|---|---|
| Apr-11 | 245975000 | 05.04.2011 |
| May-11 | 245235000 | 05.05.2011 |
| Jun-11 | 252109000 | 06.06.2011 |
| Jul-11 | 256855000 | 05.07.2011 |
| Aug-11 | 258006000 | 05.08.2011 |
| Sep-11 | 251859000 | 05.09.2011 |
| Oct-11 | 275788000 | 05.10.2011 |
| Nov-11 | 275747000 | 05.11.2011 |
| Dec-11 | 274787000 | 05.12.2011 |
| Jan-12 | 273970000 | 05.01.2012 |
| Feb-12 | 274341000 | 04.02.2012 |
| Mar-12 | 274294000 | 05.03.2012 |
| Apr-12 | 274506000 | 05.04.2012 |
| May-12 | 274657000 | 05.05.2012 |
| Jun-12 | 348223000 | 05.06.2012 |
| Jul-12 | 274008000 | 05.07.2012 |
| Aug-12 | 303201000 | 06.08.2012 |
| Sep-12 | 232312000 | 05.09.2012 |
| [redacted] | [redacted] | 14.09.2012 |
| Oct-12 | 300707000 | 22.10.2012 |
| Nov-12 | 300243000 | 08.11.2012 |
| Dec-12 | 301677000 | 14.12.2012 |
| Jan-13 | 302743000 | 28.01.2013 |
| Feb-13 | 250620000 | 06.03.2013 |
| [redacted] | [redacted] | 13.03.2013 |
| Mar-13 | 336324000 | 03.04.2013 |
| Apr-13 | 335630000 | 03.05.2013 |
| May-13 | 335512000 | 31.05.2013 |
| Jun-13 | 334939000 | 03.06.2013 |
| Jul-13 | 335561000 | 05.07.2013 |
| Aug-13 | 332397802 | 05.08.2013 |
| Sep-13 | 337496349 | 05.09.2013 |

| | | |
|---|---|---|
| July- 2015 Full Pension | 425030048 | 16.07.2015 |
| August- 2015 Full Pension | 426556524 | 21.08.2015 |
| Sept- 2015 Full Pension | 444144654 | 18.09.2015 |
| Oct -2015 Full Pension | 452546429 | 16.10.2015 |
| Nov - 2015 Full Pension | 452928490 | 19.11.2015 |
| Dec -2015 Full Pension | 443884951 | 15.12.2015 |
| Jan 2016 - Full Pension | 450479178 | 18.01.2016 |
| Feb 2016 - Full Pension | 483782357 | 19.02.2016 |
| Mar 2016 - Full Pension | 485035139 | 23.03.2016 |
| April 2016 - Full Pension | 515831677 | 18.04.2016 |
| May 2016 - Full Pension | 516372081 | 13.05.2016 |

സെക്ഷൻ ഓഫീസർ.